കേരള സർക്കാർ

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

77737/എഫ്.എം.1/2011/തസ്വഭവ

തിരുവനന്തപുരം, തീയതി: 01.04.2011

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികസനം – ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തൽ – തുടർ നിർദ്ദേശങ്ങൾ – സംബന്ധിച്ച്

സൂചന:-
1. സ.ഉ(എം.എസ്)നം.148/2009/തസ്വഭവ; തീയതി; 29.07.2009
2. സർക്കുലർ നം.43145/എഫ്.എം.1/2010/തസ്വഭവ; തീയതി 26.07.2010
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.12.2010–ലെ കെ.എസ്/എൽ/392–2005 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 25.01.2010–ലെ 2.34–ാം നമ്പർ തീരുമാനം

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികസനം ലക്ഷ്യമിട്ട് തദ്ദേശഭരണ ...ാപനങ്ങൾ ആരംഭിച്ചിട്ടുള്ള ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ...ഗനിർദ്ദേശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന ...ും തിരികെ വീട്ടിൽ എത്തിക്കുന്നതിനുമുള്ള വാഹനം സ്കൂളുകൾക്ക് ലഭ്യമാക്കാവുന്നതാണെന്ന് ...്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ ലഭ്യമാക്കുന്ന വാഹനങ്ങളുടെ ഉപയോഗം, ...വർത്തന ചെലവുകൾ മുതലായവ സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ...പ്പെടുവിക്കുന്നു.

(1) ബഡ്സ് സ്കൂളിലെ കുട്ടികളുടെ യാത്രയ്ക്കായി ലഭ്യമാക്കിയിട്ടുള്ള വാഹനത്തിന്റെ (വിദ്യാഭ്യാസ സ്ഥാപന വാഹനം) ഇന്ധനം, അറ്റകുറ്റപ്പണികൾ, സർവീസ്, ഇൻഷ്വറൻസ്, റോഡ് ടാക്സ് തുടങ്ങിയ ആവർത്തന ചെലവുകൾ വഹിക്കുന്നതിന് റോഡിതര മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്.

(2) ബഡ്സ് സ്കൂൾ വാഹനത്തിന്റെ ഡ്രൈവറുടെ വേതനം ദിവസ വേതന പരിധിക്ക് വിധേയമായി വാഹനം ഉപയോഗിക്കുന്ന സമയത്തിന് ആനുപാതികമായി സ്കൂൾ വികസന മാനേജ്മെന്റ് സമിതി നിശ്ചയിക്കേണ്ടതും ഇപ്രകാരം നിശ്ചയിക്കുന്ന വേതനം താഴെപ്പറയുന്ന നിബന്ധനയ്ക്ക് വിധേയമായി അനുവദിക്കാവുന്നതുമാണ്. വേതനം നൽകുന്നതിന് തനത്ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, മാനേജ്മെന്റ് സമിതി ഫണ്ട് എന്നിവ വിനിയോഗിക്കാവുന്നതാണ്. ഒരു വർഷത്തെ വേതനത്തിനുവേണ്ട തുക ഒറ്റത്തവണയായോ ഗഡുക്കളായോ തദ്ദേശഭരണ സ്ഥാപന തീരുമാന പ്രകാരം മാനേജ്മെന്റ് സമിതിക്ക് അനുവദിച്ച് നൽകേണ്ടതും മാനേജ്മെന്റ് സമിതി വേതനം നൽകേണ്ടതുമാണ്.

(3) വാഹനത്തിന്റെ ഉപയോഗം വിദ്യാഭ്യാസ സ്ഥാപന വാഹന ഉപയോഗ ചട്ടങ്ങൾക്കും സർക്കാർ വാഹന ഉപയോഗ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.

(4) യാത്രയ്ക്ക് സ്കൂൾ വാഹനം ഉപയോഗിക്കുന്ന കുട്ടികളുടെ യാത്രാബത്ത കുട്ടികൾക്ക് നൽകേണ്ടതില്ല. പകരം അനുവദനീയമായ യാത്രാബത്ത കണക്കാക്കി അത് വികസന മാനേജ്മെന്റ് സമിതിക്ക് അനുവദിച്ച് നൽകേണ്ടതാണ്. ഒരു വർഷത്തെ തുക തദ്ദേശഭരണ സ്ഥാപനത്തിന്റെ സൗകര്യാർത്ഥം ഒറ്റതവണയായോ ഗഡുക്കളായോ മാനേജ്മെന്റ് സമിതി ഫണ്ടിൽ നിക്ഷേപിക്കാവുന്നതും ഈ തുക ഡ്രൈവർക്ക് വേതനം നൽകുന്നത് ഉൾപ്പെടെ സ്കൂളിന്റെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

(5) സ്കൂൾ ബസ് ബഡ്സ് സ്കൂളിലോ ഗ്രാമപഞ്ചായത്ത് ഓഫീസ് കാര്യാലയത്തിലോ അതിന് കഴിയുകയില്ലെങ്കിൽ സൗകര്യാർത്ഥം സുരക്ഷ ഉറപ്പുവരുത്തി മറ്റ് സ്ഥലത്തോ സൂക്ഷിക്കേണ്ട താണ്. വാഹനത്തിന്റെ സുരക്ഷ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപന ത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്